I ഇ.ബി. XIII- കേരള നിയമസഭ/IX-5

## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2013 ജൂൺ 14, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**ഗൾഫ് നാടുകളിൽ തൊഴിൽ നിയമങ്ങൾ കർശനമാക്കിയതുമൂല മുള്ള പ്രതിസന്ധി**

മി. സ്പീക്കർ: തൊഴിൽ നിയമങ്ങൾ കർശനമാക്കിയതുമൂലം ഗൾഫ് മേഖലയിലെ രാജ്യങ്ങളിൽനിന്ന് മലയാളികൾ കൂട്ടത്തോടെ നാടുകടത്തപ്പെടുമ്പോൾ നയതന്ത്ര ബന്ധമുപയോഗിച്ച് പ്രശ്നം പരിഹരിക്കാനോ അവർക്ക് ആശ്വാസമെത്തിക്കാനോ നാട്ടിലെത്തിയവരെ പുനരധിവസിപ്പിക്കാനോ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ഒന്നും ചെയ്യാതെ നിസ്സംഗത പാലിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട്

സർവ്വശ്രീ. കെ.വി. അബ്ദുൾ ഖാദർ, വി. എസ്. സുനിൽ കുമാർ, സി.കെ. നാണു, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സൗദി അറേബ്യയിലും കുവൈറ്റിലും തദ്ദേശവത്ക്കരണംമൂലമുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും വളരെ ഫല പ്രദമായ ഇടപെടലാണ് സൗദി അറേബ്യയിലെ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ലഭിച്ചത്. കേരളത്തിലെ കേന്ദ്രമന്ത്രിമാർ സൗദി അറേബ്യൻ ഭരണാധി കാരികളുമായി ചർച്ച നടത്തിയതിനെത്തുടർന്ന് ഇന്റർ ഗവൺമെന്റൽ കമ്മിറ്റി യുണ്ടാക്കാനും വകുപ്പുമന്ത്രി എന്ന നിലയിൽ ഞാൻ റിയാദ് സന്ദർശി ച്ചപ്പോൾ നിലവിൽ പരാതികളൊന്നുമില്ലെന്ന് മനസ്സിലാക്കാനും സാധിച്ചു. പ്രവാസികളുടെ മടക്കയാത്രയ്ക്ക് സാധാരണ നിരക്കിൽ ടിക്കറ്റ് അനുവദിക്ക ണമെന്ന് ബന്ധപ്പെട്ട ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വാലിഡ് വിസയുള്ളവരെപ്പോലും കുവൈറ്റിൽനിന്നും കയറ്റിയയയ്ക്കുന്ന സാഹചര്യ ത്തിൽ കേന്ദ്ര സംഘത്തിന്റെ ഇടപെടൽ ആവശ്യമാണ്. കുവൈറ്റിലെ ഇൻഡ്യൻ എംബസ്സിയുടെ നിരുത്തരവാദപരമായ ഇടപെടൽ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ.വി. അബ്ദുൾ ഖാദർ: കുവൈറ്റിലെ പ്രവാസികൾ നേരിടുന്ന വിഷയത്തിൻമേൽ നയതന്ത്ര കാര്യാലയത്തിന്റെ ഭാഗത്തുനിന്നും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഭാഗത്തുനിന്നും കാര്യമായ ഇടപെട ലുണ്ടായിട്ടില്ല. സാധാരണക്കാരായ പ്രവാസികളെ വീടുകളിലും ചെക്ക്പോ സ്റ്റുകളിലും തടഞ്ഞ് അറസ്റ്റുചെയ്യുന്ന അവസ്ഥയാണുള്ളത്. ഇത്തരം ഒരു

സാഹചര്യത്തിൽപോലും കുവൈറ്റിലെ ഇൻഡ്യൻ അംബാസ്സഡർ അവിടെയില്ലാത്ത അവസ്ഥയാണ്. ഇടുങ്ങിയ സെല്ലുകളിൽ നൂറുകണക്കിന് ആളുകളെ താമസിപ്പിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽ കേന്ദ്ര പ്രവാസികാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും നിരുത്തരവാദപരമായ സമീപനമാണ് ഉണ്ടായിട്ടുള്ളത്. സൗദി അറേബ്യയിൽനിന്നും മടങ്ങിവരുന്നവരുടെ വിമാന ച്ചാർജ് സൗജന്യമായി കൊടുക്കുമെന്നും എയർ കേരള നടപ്പിലാക്കുമെന്നും സംസ്ഥാന സർക്കാർ പ്രഖ്യാപിച്ചതല്ലാതെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രവാസികളെ വഞ്ചിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. പ്രവാസികളുടെ ഈ പ്രതിസന്ധി നേരിടുന്നതിന് കേന്ദ്രസർക്കാർ ക്രൈസിസ് മാനേജ്മെന്റ് രൂപീകരിക്കണം. വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സൗദി അറേബ്യയിലെ വിഷയവുമായി ബന്ധപ്പെട്ട് തൃപ്തികരമായ നിലപാട് കേന്ദ്രസർക്കാരും ആവശ്യമായ നടപടികൾ സൗദിയിലെ ഇൻഡ്യൻ എംബസ്സിയും സ്വീകരിച്ചിട്ടുണ്ട്. ഇവരുടെ മടക്കയാത്രയ്ക്ക് സാധാരണ നിരക്കിൽ ടിക്കറ്റ് അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. സൗദി അറേബ്യയിൽ നിയമവിധേയമല്ലാതെ താമസിക്കുന്നവർക്കെല്ലാം നിയമപരമായിത്തന്നെ അവിടെ കഴിയുന്നതിനുള്ള അവസരമുണ്ടാക്കിയിട്ടുണ്ട്. കുവൈറ്റിൽ നേരിടുന്ന പ്രശ്നത്തിൻമേൽ അനുകൂലമായ നടപടി സ്വീകരിക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കുവൈറ്റിലെ പ്രശ്നം സംബന്ധിച്ച് കുവൈറ്റ് അംബാസിഡറുടെ ചാർജ്ജുണ്ടായിരുന്ന ഉദ്യോഗസ്ഥനുമായും

ചർച്ച ചെയ്തിട്ടുണ്ട്. ജയിലിൽ പിടിച്ചുകൊണ്ടുപോകുന്നവരുടെ ലിസ്റ്റ് എംബസിക്ക് ലഭ്യമാക്കുന്നതിനും മടങ്ങിവരുന്നവരെ ഡെസ്റ്റിനേഷനിൽ എത്തിക്കുന്നതിനും ഇവർക്ക് 2000 രൂപ പോക്കറ്റ് മണി കൊടുക്കുന്നതിനുമുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശക്തമായ ഇടപെടൽകൊണ്ട് കുറേ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): കുവൈറ്റിൽനിന്നും മടക്കിയയച്ച് ഡൽഹിയിൽ എത്തിയ മലയാളികളെ നോർക്കാ വകുപ്പ് കേരളാ ഹൗസിൽ താമസിപ്പിച്ച് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. നയതന്ത്രബന്ധങ്ങളിൽക്കൂടി മാത്രമേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനാകൂ. ഈ വിഷയത്തിന്റെ ഗൗരവം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വെള്ളിയാഴ്ചയായതിനാൽ ഈ വിഷയം സംബന്ധിച്ച ചർച്ചയ്ക്ക് ഇന്ന് സാഹചര്യമില്ല. ഇത് ഒരു പൊതു ചർച്ചയിൽ വരുന്നത് നന്നായിരിക്കുമെന്നുതന്നെയാണ് എന്റെ അഭിപ്രായം. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഇക്കാര്യം അവതരിപ്പിച്ച് സഭയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിനെ സർക്കാർ സ്വാഗതം ചെയ്യുകയാണ്. ഈ രണ്ട് ഗൾഫ് രാജ്യങ്ങളിൽ മലയാളികൾക്കുണ്ടായ പ്രശ്നങ്ങൾ വളരെയധികം ആശങ്കയ്ക്ക് ഇടവരുത്തിയെന്നുള്ളത് യാഥാർത്ഥ്യമാണ്. സൗദിയിലെ

പ്രശ്നം പ്രതീക്ഷിച്ചതിനേക്കാൾ മെച്ചപ്പെട്ട രീതിയിൽ പരിഹരിക്കാൻ സാധിച്ചു. പക്ഷേ കുവൈറ്റിൽ നിയമാനുസൃതമായ രേഖയുണ്ടായിട്ടും മലയാളികളെ തിരിച്ചയയ്ക്കുകയാണ് ചെയ്യുന്നത്. ഇവരുടെ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തിരിച്ചയയ്ക്കുന്നവർക്ക് പിന്നീട് ഒരു ഗൾഫ് രാജ്യത്തിലും പോകാൻ പറ്റാത്ത വിധത്തിൽ പാസ്പോർട്ടിൽ സീൽ ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുന്നതാണ്

<u>മി. സ്പീക്കർ:</u> ദുരിതമനുഭവിക്കുന്നവരുടെ പ്രശ്നം ചർച്ച ചെയ്യുമ്പോഴും പ്രകടനം നടത്തുമ്പോഴും പ്രസ്താവനയിറക്കുമ്പോഴും ഗൾഫ് രാജ്യങ്ങളിലും അവരുടേതായ നടപടിക്രമങ്ങളുണ്ടെന്നും ഇനിയും അവിടെ ധാരാളം മലയാളി സഹോദരങ്ങളുണ്ടെന്നുള്ളതും മനസ്സിലാക്കിക്കൊണ്ടു വേണം സമീപനം സ്വീകരിക്കേണ്ടതെന്ന നിർദ്ദേശമാണുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> തീർച്ചയായും ഇങ്ങനെയൊരു സമീപനം ഉൾക്കൊണ്ടാൽമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ഈ വിഷയത്തെപ്പറ്റി സഭയിൽ വീണ്ടും ചർച്ച ചെയ്യാമെന്ന മുഖ്യമന്ത്രിയുടെ നിലപാടിനെ പ്രതിപക്ഷം സ്വാഗതം ചെയ്യുന്നു

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) **<u>ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം</u>**

<u>ശ്രീ. വി. എം. ഉമ്മർമാസ്റ്റർ:</u> ജനങ്ങൾ ഫ്ളാറ്റ് സംസ്ക്കാരത്തിൽ ആകൃഷ്ടരായി ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേയ്ക്ക് കുടിയേറുന്നതുമൂലം

സംസ്ഥാനത്തുണ്ടാക്കിയിരിക്കുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമാണ്. അണുകുടുംബ വ്യവസ്ഥയിലേയ്ക്ക് നീങ്ങിയ മലയാളികൾ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യവും ജോലി സാധ്യതയും കണക്കിലെടുത്തുകൊണ്ടാണ് നഗരങ്ങളിലേയ്ക്ക് കുടിയേറുന്നത്. ജനബാഹുല്യംകൊണ്ട് വീർപ്പുമുട്ടുന്ന നഗരങ്ങളിലേയ്ക്ക് ഗ്രാമീണർ ചേക്കേറുന്നതുമൂലമുണ്ടാകുന്ന പാർപ്പിട ദൗർലഭ്യം, പാരിസ്ഥിതിക-മലിനീകരണ പ്രശ്നങ്ങൾ തുടങ്ങിയവയുടെ പേരിലുള്ള അക്രമസംഭവങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരുകയാണ്. അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള വികസന പരിപാടികൾ നടപ്പിലാക്കി ഗ്രാമീണ ജീവിതം തിരിച്ചുകൊണ്ടുവരണം. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള അസന്തുലിതാവസ്ഥ ആരോഗ്യകരമാംവിധം പരിഹരിക്കപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേയ്ക്കുള്ള കുടിയേറ്റം വർദ്ധിച്ചുവരുന്നതുമൂലമുള്ള പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് ശുപാർശ സമർപ്പിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേയ്ക്കുള്ള കുടിയേറ്റംമൂലം പട്ടണങ്ങളിൽ ജനസംഖ്യ വർദ്ധിക്കുകയും ഗ്രാമങ്ങളിൽ കുറയുകയും ചെയ്യുന്നുവെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. പട്ടണങ്ങളിലേയ്ക്ക് ആളുകൾ കുടിയേറുന്നതുകൊണ്ട് മാത്രമല്ല ജനസംഖ്യ കൂടുന്നത്. ഇതിൽ ഒരു നിശ്ചിത ശതമാനം വർദ്ധനവ് ഗ്രാമപ്രദേശങ്ങൾ കൂട്ടിച്ചേർത്തതുകൊണ്ട് വന്നിട്ടുള്ളതാണ്. ഗ്രാമപ്രദേശങ്ങളിൽ കൃഷിയും അതുമായി ബന്ധപ്പെട്ട കൂടുതൽ തൊഴിലവസരങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഗ്രാമങ്ങളിൽനിന്ന് പട്ടണങ്ങളിലേയ്ക്കുള്ള ഗതാഗത സൗകര്യവും വർദ്ധിപ്പിക്കേണ്ടതുണ്ട്. ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്നതിൽ

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ഗ്രാമീണ ജനതയുടെ ഉന്നമനത്തിനായി നിരവധി ശ്രമങ്ങൾ കേന്ദ്ര ഗവൺമെന്റ് നടത്തിയിട്ടുണ്ട്.

(2) <u>വിവാഹ ചടങ്ങുകളിലെ ധൂർത്ത് അവസാനിപ്പിക്കുന്നതിന് നടപടി</u>

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സംസ്ഥാനത്ത് വിവാഹം, സ്വകാര്യ ചടങ്ങുകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വർദ്ധിച്ചുവരുന്ന ആഡംബരവും ധൂർത്തും സാമൂഹ്യ വിപത്തായിക്കണ്ട് അവ നിയന്ത്രിക്കുന്നതിനായി ബോധവൽക്കരണവും നിയമനിർമ്മാണവും കൊണ്ടുവരണം. ജാതിമത വ്യത്യാസമില്ലാതെ എല്ലാ ചടങ്ങുകളും പ്രൗഢി കാണിക്കാനുള്ള അഹംഭാവത്തിന്റെ സംസ്കാരമായി വളർന്നുവരികയാണ്. ഏറ്റവും കൂടുതൽ ധൂർത്ത് നടത്തുന്നത് വിവാഹരംഗത്താണ്. വിവാഹവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കൂടുതലും വധുവിന്റെ വീട്ടുകാർക്കാണ്. ഒരു ആയുഷ്ക്കാലം സമ്പാദിച്ചതുമുഴുവൻ ഒരു മണിക്കൂർകൊണ്ട് അവസാനിപ്പിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും മധ്യവർത്തികളുമാണ് ഇതിന്റെ ഏറ്റവും കൂടുതൽ ദുരന്തഫലം അനുഭവിക്കുന്നത്. ഒരു കാലഘട്ടത്തിൽ പൊതു പ്രവർത്തകർ ആഡംബരം ഒഴിവാക്കി വിവാഹത്തിൽ മാതൃക കാണിച്ചി രുന്നുവെങ്കിൽ ഇന്ന് അതും മാറിയിരിക്കുകയാണ്. വി.ഐ.പി.-കൾ വിവാഹത്തിനെത്തുന്നത് മേധാവിത്വത്തിന്റെ അടയാളമായി കാണുകയാണ്. ഈ പ്രവണത പല കുടുംബങ്ങളേയും കടക്കെണിയിലേയ്ക്കും ആത്മഹത്യയിലേയ്ക്കും നയിക്കുകയാണ്. ഇത് ഒരു സാമൂഹ്യ തിന്മയായി നാട്ടിൽ വളർന്നുകൊണ്ടിരിക്കുന്നു. ആഡംബര വിവാഹങ്ങൾ ശിക്ഷാർഹമാകുന്ന രീതിയിലുള്ള പുതിയ ഒരു നിയമനിർമ്മാണത്തിനും

ഇതിനെതിരെ ബോധവൽക്കരണമുണ്ടാക്കുന്നതിനും ഗവൺമെന്റ് തയ്യാറാകണം. സ്ത്രീധന നിരോധന നിയമം കാര്യക്ഷമമായി നടപ്പിലാക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സ്വകാര്യ ചടങ്ങുകളിലേയും വിവാഹങ്ങളിലേയും ധൂർത്തുമൂലമുണ്ടാകുന്ന സാമൂഹ്യവിപത്തിൽനിന്നും രക്ഷ നേടുന്നതിന് സ്വയം നിയന്ത്രണവും മനോഭാവത്തിലെ മാറ്റവും ബോധവൽക്കരണവും ആവശ്യമാണ്. സ്ത്രീധനത്തിനും വിവാഹ ധൂർത്തിനുമെതിരെ സമൂഹത്തിൽ പൊതുചിന്ത ഉയർന്നുവരണം. എല്ലാ ഫോറങ്ങളിലും പൊതുചർച്ച ഉണ്ടായതിനുശേഷംമാത്രമേ നിയമ നിർമ്മാണത്തിലേയ്ക്ക് കടക്കാൻ സാധിക്കുകയുള്ളൂ. ഇതിനുവേണ്ടി കൂട്ടായ പരിശ്രമം തുടങ്ങി വയ്ക്കാം. സ്ത്രീധന നിരോധന നിയമത്തിലെ പഴുതുകൾ അടച്ച് സ്ത്രീധനം പൂർണ്ണമായി നിരോധിക്കാനുള്ള അഭിപ്രായങ്ങളും ശുപാർശകളും പരിശോധിക്കാവുന്നതാണ്.

**സബ്മിഷൻ**

## (1) മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെയുള്ള ഗവൺമെന്റ് ചീഫ് വിപ്പിന്റെ ആരോപണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സോളാർ തട്ടിപ്പ് കേസ്സിലെ പ്രതിയും മുഖ്യമന്ത്രിയുടെ ഓഫീസും തമ്മിലുള്ള ബന്ധം സംബന്ധിച്ച് മുഖ്യമന്ത്രിക്ക് മുന്നറിയിപ്പ് നൽകിയിട്ടും ബന്ധം തുടർന്നുവെന്ന ഗുരുതര ആരോപണം ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിക്കെതിരെ ഉന്നയിച്ച സാഹചര്യത്തിൽ മുഖ്യമന്ത്രി രാജിവയ്ക്കണം. ഇതുസംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം. 13-6-13-ന് സോളാർ തട്ടിപ്പ് കേസ്സിലെ പ്രതി

പോലീസ് കസ്റ്റഡിയിലിരിക്കെ പോലീസുദ്യോഗസ്ഥർ നൽകിയ മൊബൈൽ ഫോണിലൂടെ സംസാരിച്ചത് സംബന്ധിച്ചും അന്വേഷിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സോളാർ തട്ടിപ്പ് കേസ്സിലെ വനിതയെ അറസ്റ്റ് ചെയ്ത് പോലീസ് കസ്റ്റഡിയിൽ വിടുന്നതുവരെ ഗവൺമെന്റ് ചീഫ് വിപ്പ് എന്നോട് ഒന്നും പറഞ്ഞിരുന്നില്ല. ജൂൺ മാസം 4-ാം തീയതി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ ഗവേണിംഗ് ബോഡി മീറ്റിംഗ് കഴിഞ്ഞതിനുശേഷമാണ് പ്രസ്തുത സംഭവം എന്നോട് പറഞ്ഞത്. പറഞ്ഞതിന്റെ തലേ ദിവസം വെളുപ്പിനാണ് അറസ്റ്റ് നടന്നത്. ഓഫീസ് ഫോൺ രണ്ടുപേർ ദുരുപയോഗം ചെയ്തതുസംബന്ധിച്ച് ഇന്റലിജൻസ് എ.ഡി.ജി.പി അന്വേഷിച്ച് നൽകിയ ഇടക്കാല റിപ്പോർട്ടിൽ വിശദമായ അന്വേഷണം വേണമെന്ന് പരാമർശിച്ചതുകൊണ്ട് ബന്ധപ്പെട്ട രണ്ടുപേരെ മാറ്റിനിറുത്തി സൗത്ത് സോൺ എ.ഡി.ജി.പി.-യെക്കൊണ്ട് അന്വേഷിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഗവൺമെന്റ് ചീഫ് വിപ്പ് മുഖ്യമന്ത്രിക്കെതിരെ ഉന്നയിച്ച ആരോപണം എ.ഡി.ജി.പി അന്വേഷിക്കുന്നത് ശരിയായ നടപടിയല്ല.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): 13-6-13-ന് കസ്റ്റഡിയിലുണ്ടായിരുന്ന സരിത മൊബൈൽ ഫോണിലൂടെ സംസാരിച്ചത് സംബന്ധിച്ച് അന്വേഷിക്കാൻ എ.ഡി.ജി.പി.-യോട് ആവശ്യപ്പെടുന്നതാണ്. ദുരൂഹത പരത്തി ഇല്ലാത്ത പ്രശ്നം ഉണ്ടാക്കാൻ ശ്രമിക്കരുത്.

(ഗവൺമെന്റ് ചീഫ് വിപ്പ് ഉന്നയിച്ചിരിക്കുന്ന ആരോപണത്തിന്മേൽ മുഖ്യമന്ത്രി രാജിവച്ചുകൊണ്ട് ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന ആവശ്യം അംഗീകരിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭ ബഹിഷ്കരിച്ചു പുറത്തുപോകുകയും ചെയ്തു.)

## (2) സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി

ശ്രീ. എം. പി. വിൻസെന്റ്: പെൻഷൻ പ്രായം വർദ്ധിപ്പിച്ചതിനാനുപാതികമായി സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പെൻഷൻ പ്രായം 60 വയസ്സായി ഉയർത്തിയതുമൂലം നിലവിൽ ആർക്കും ഒരു പ്രശ്നവും ബാധിക്കാത്തതിനാൽ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി വർദ്ധിപ്പിക്കുന്ന ആവശ്യത്തിന് പ്രസക്തിയില്ല.

## (3) വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. മോൻസ് ജോസഫ്: കേന്ദ്ര ഗവൺമെന്റ് പ്രവാസികൾക്ക് നൽകുന്ന ഒ.സി.ഐ. കാർഡ്മൂലം വിദേശ മലയാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): കേന്ദ്ര ആഭ്യന്തര മന്ത്രാലയം വിദേശ പൗരത്വമുള്ള ഇൻഡ്യാക്കാർക്ക് ഇൻഡ്യൻ പൗരത്വത്തിനുള്ള യോഗ്യതയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികളായ പേഴ്സൺസ് ഓഫ് ഇൻഡ്യൻ ഒറിജിൻ (പി.ഐ.ഒ.), ഓവർസീസ് സിറ്റിസൺസ് ഓഫ് ഇൻഡ്യ

(ഒ.സി.ഐ.) എന്നീ രജിസ്ട്രേഷൻ കാർഡുകൾ രജിസ്റ്റർ ചെയ്യുന്നതിനും പുതുക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സംസ്ഥാന ഗവൺമെന്റിന് ഇതിൽ യാതൊരു നിയന്ത്രണവുമില്ല. ഒറ്റത്തവണയാക്കി കാർഡ് പുതുക്കുന്നത് നിജപ്പെടുത്തണമെന്നും ഒ.സി.ഐ. അപേക്ഷാഫീസ് പിൻവലിക്കണമെന്നും കാർഡിന്റെ പ്രോസസ്സിംഗ് സമയം കുറയ്ക്കണമെന്നും വിവിധ കാർഡുകൾ ഏകീകരിക്കണമെന്നും ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

### (4) മൺപുറ്റുകൾ നീക്കം ചെയ്യൽ

ശ്രീ. കെ. ശിവദാസൻ നായർ: പമ്പാനദിയിലെ മൺപുറ്റുകൾ യഥാസമയം നീക്കംചെയ്ത് ജലമേള സുഗമമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): പമ്പാനദിയിലെ മൺപുറ്റുകൾ നീക്കം ചെയ്യുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകൾ വിശദമായി പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി അവിടെ നടക്കുന്ന ആറന്മുള ഉത്തൃട്ടാതി വള്ളംകളിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പ് തലത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (5) പമ്പാ ആക്ഷൻ പ്ലാൻ

ശ്രീ. പി.സി. വിഷ്ണുനാഥ്: പമ്പാ ആക്ഷൻ പ്ലാനിന്റെ രണ്ടും മൂന്നും ഘട്ട പ്രവർത്തികൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കേന്ദ്ര ഗവൺമെന്റിൽനിന്നും പമ്പാ ആക്ഷൻ പ്ലാനിന്റെ 18.45 കോടി രൂപയുടെ പ്രവർത്തികൾക്ക് ആദ്യഘട്ടത്തിൽ അംഗീകാരം ലഭിച്ചതിൽ 7.68 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചു. രണ്ടാം ഘട്ട പ്രവൃത്തികൾക്കായി എല്ലാ വകുപ്പുകളേയും ഏകോപിപ്പിച്ച് റോഡ്മാപ്പ് തയ്യാറാക്കുകയും പമ്പാ നദിയിലെ നിലവിലെ സാഹചര്യങ്ങളെ സംബന്ധിച്ച് വീണ്ടും പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി പമ്പാ റിവർ ബേസിൻ അതോറിറ്റി പ്രോജക്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലാ കളക്ടറുടെ സഹകരണത്തോടുകൂടി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (6) സ്ഥിരം തടയണ

ശ്രീ. ടി.എ. അഹ്മദ് കബീർ: മലപ്പുറം ജില്ലയിലെ മൂർക്കനാട് പഞ്ചായത്തിലെ നിലാപറമ്പ് കടവിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് സ്ഥിരം തടയണ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യുവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): മലപ്പുറം ജില്ലയിൽ മൂർക്കനാട് പഞ്ചായത്തിലെ തടയണ നിർമ്മാണത്തിനായി 512 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെണ്ടർ വിളിച്ചെങ്കിലും 2010-ലെ നിരക്കിനേക്കാൾ 18 ശതമാനം കൂടിയ തുകയാണ് ടെണ്ടർ ക്വാട്ട് ചെയ്തിരിക്കുന്നത്. ഇത് സംസ്ഥാനതല റിവർ മാനേജ്മെന്റ് സമിതിയുടെ പരിഗണനയിലാണ്. സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് പരിഗണന**

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) **2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. സാജു പോൾ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല)

**(ii) 2011-ലെ കേരള പാർപ്പിടരഹിതരുടെ ഭവന നിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. സാജു പോൾ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല)

(iii) **2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.റ്റി. ജോർജ്: പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): 1988-ലെ 61-ാം ഭരണഘടനാ ഭേദഗതിയിലൂടെ വോട്ടിംഗ് അവകാശത്തിനുള്ള പ്രായപരിധി 18 ആയി നിശ്ചയിച്ചിട്ടുണ്ട്. ഭരണഘടനയ്ക്ക് വിരുദ്ധമായി നഗരസഭകളിലെ വോട്ടിംഗ് പ്രായം 15-ആക്കി നിശ്ചയിക്കേണ്ട അടിയന്തര സാഹചര്യം നിലനിൽക്കുന്നില്ലാത്തതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കേരള മുനിസിപ്പാലിറ്റി ബില്ലിലെ 76-ാം വകുപ്പ് (എ) ഖണ്ഡത്തിൽ '18 എന്നതിന് പകരം 15 എന്ന വാക്ക് ചേർക്കേണ്ടതാണ്'. കേന്ദ്ര യുവജന നിയമത്തിൽ 18-45 വയസ്സ് എന്നത് 13-35 വയസ്സുവരെ എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. ലോകത്തെ പല രാജ്യങ്ങളിലും ഇപ്പോൾ വോട്ടവകാശം 18 വയസ്സിൽ താഴെയാണ്. 21 വയസ്സ് എന്നുള്ളത് 18 വയസ്സാക്കിയത് ഇൻഡ്യയ്ക്ക് തന്നെ മാതൃകയായ കേരള നിയമസഭയായിരുന്നു. പിന്നീട് ഇൻഡ്യയിലാകെ വോട്ടവകാശം 18 വയസ്സാക്കി. ഭരണഘടന ഭേദഗതി ചെയ്തുകൊണ്ട് വോട്ടവകാശം 15 വയസ്സാക്കുന്നത് നമ്മുടെ ജനാധിപത്യത്തെ കുറച്ചുകൂടി കരുത്തുറ്റതാക്കും. അഴിമതികൾക്കെതിരെയും ജനാധിപത്യത്തെ അപമാനിക്കുന്ന ഇത്തരം പ്രവൃത്തികൾക്കെതിരെയും പ്രതികരിക്കാൻ യുവജനങ്ങൾക്ക് സാധിക്കും. അതിനുവേണ്ടി കേരള മുനിസിപ്പിൽ നിയമത്തിലെ 76-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ചർച്ച തുടരും)

## (iv) 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: 2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.റ്റി. ജോർജ്: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): 1988-ലെ ഭരണഘടനയുടെ 61-ാം ഭേദഗതിയിലൂടെയാണ് വോട്ടിംഗ് അവകാശത്തിനുള്ള പ്രായപരിധി 18 ആയി നിശ്ചയിച്ചിട്ടുള്ളത്. ഭരണഘടനയ്ക്ക് വിരുദ്ധമായി പഞ്ചായത്ത് തെരഞ്ഞെടുപ്പുകളിൽ വോട്ടിംഗ് പ്രായം 15 ആക്കി നിശ്ചയിക്കേണ്ട ഒരു സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ലാത്തതിനാൽ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: 1988-ലെ ഭരണഘടനയുടെ 61-ാം ഭേദഗതിയിലൂടെയാണ് 21 വയസ്സ് 18 വയസ്സാക്കിയത്. തീർച്ചയായും ഈ ആശയം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും നടപ്പാക്കിക്കൊണ്ട് ഇൻഡ്യയ്ക്ക് പല കാര്യത്തിലും മാതൃക കാണിച്ചിട്ടുള്ളതുപോലെ ഇതിലും കേരളം മാതൃക കാണിക്കണം.

(ചർച്ച തുടരും)

(v) **2011-ലെ കേരള ജൈവ ഭൗതിക പരിസ്ഥിതി സംരക്ഷണ നിയന്ത്രണ ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. എം. ഹംസ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല)

(vi) **2012-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബിൽ**

ശ്രീ. പി. ഉബൈദുള്ള: 2012-ലെ കേരള ഹോം നഴ്സസ് കൗൺസിൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :കേരള സന്നദ്ധസംഘടനകളും സ്വകാര്യവ്യക്തികളും നടത്തുന്ന ഹോം നഴ്സിംഗ് സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ചും ഹോം നഴ്സിംഗ് ജോലി ചെയ്യുന്നവരുടെ യോഗ്യത നിർണ്ണയിക്കുന്നതിനും അവരുടെ സേവന വേതന വ്യവസ്ഥകൾ ആവിഷ്കരിച്ച് നിയമപരമായി പരിരക്ഷ നൽകുന്നതിനും വേണ്ടി കേരള ഹോം നഴ്സ് കൗൺസിൽ രൂപീകരിക്കണമെന്നാണ് ഈ ബില്ലിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. രോഗികൾക്കും വൃദ്ധജനങ്ങൾക്കുമായി ആശ്വാസ കിരണം, വയോമിത്രം തുടങ്ങിയ പദ്ധതികൾ സാമൂഹ്യ നീതി വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയിട്ടുള്ള സാഹചര്യത്തിൽ പ്രത്യേകിച്ച് ഒരു ഹോം നഴ്സിംഗ് കൗൺസിൽ ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

ശ്രീ. പി. ഉബൈദുള്ള: കൂട്ടുകുടുംബ വ്യവസ്ഥയിൽ രോഗീപരിചരണത്തിനും പ്രസവശുശ്രൂഷയ്ക്കുമൊക്കെ വീട്ടിൽത്തന്നെ

ആളുകളുണ്ടായിരുന്നു. അണുകുടുംബ വ്യവസ്ഥയിൽ ഇത് പ്രായോഗിമല്ലാത്തിടത്താണ് ഹോം നഴ്സുമാരുടെ പ്രസക്തി വർദ്ധിക്കുന്നത്. ഇവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. പതിനായിരക്കണക്കിന് ആളുകൾ ഈ മേഖലയിലുണ്ടെന്നാണ് പൊതുവെ കണക്കാക്കുന്നത്. ഹോം നേഴ്സുമാരെ റിക്രൂട്ട് ചെയ്യുന്ന ഏജൻസികളുടെ മറവിൽ മെച്ചപ്പെട്ട ശമ്പളവും മറ്റു സൗകര്യങ്ങളും നൽകാമെന്ന് വാഗ്ദാനം നൽകി ദരിദ്ര കുടുംബങ്ങളിൽനിന്ന് പെൺകുട്ടികളെ കൊണ്ടുവന്ന് അന്യ സംസ്ഥാനങ്ങളിലേയ്ക്ക് അയയ്ക്കുന്ന ഒരു സ്ഥിതി നിലവിലുണ്ട്. ഇത്തരം മാഫിയകളുടെ ചൂഷണത്തിൽനിന്ന് ഹോം നേഴ്സുമാരെ മുക്തമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ ബിൽ.

(ചർച്ച തുടരും)

**(vii) <u>2013-ലെ കേരള പാഴ് വസ്തു ശേഖരണ തൊഴിലാളി ക്ഷേമനിധി ബിൽ</u>.**

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. എം. എ. ബേബി സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

**(viii) <u>2013-ലെ കേരള സംസ്ഥാന ഉൽപ്പന്ന ഗുണനിലവാരം ഉറപ്പുവരുത്തൽ അതോറിറ്റി രൂപീകരണ ബിൽ</u>**

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. റ്റി.വി. രാജേഷ് സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

**(ix) <u>2012-ലെ കേരള അർബുദ രോഗികളുടെയും വൃക്ക, കരൾ രോഗികളുടെയും ആരോഗ്യ പരിപാലന ബിൽ</u>**

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. വി. എസ്. സുനിൽകുമാർ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

## (x) 2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബിൽ

ശ്രീ. ഹൈബി ഈഡൻ: 2013-ലെ കേരള ക്രിമിനൽ നിയമ (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): നേരത്തെ ഈ സഭയിൽ അവതരിപ്പിക്കപ്പെട്ട സ്ത്രീകളുടെ സുരക്ഷിതത്വവും സ്വകാര്യതയും സംരക്ഷിക്കുന്നതിനുള്ള നിയമം ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. കൂടാതെ ഒരു കേന്ദ്ര ആക്ടും നിലവിലുണ്ട്. കേന്ദ്ര ആക്ടിനകത്ത് ഇല്ലാത്തതും കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളിൽ ചേരുന്നതുമായ ഭാഗങ്ങൾകൂടി സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ ഇരിക്കുന്ന ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശ്രീ. ഹൈബി ഈഡൻ ഇവിടെ ഉന്നയിക്കാൻ ആഗ്രഹിക്കുന്ന വകുപ്പുകൾ കൂടി പരിഗണിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ ഇരിക്കുന്ന ബില്ലിൽ മാറ്റങ്ങൾ വരുത്താവുന്നതാണ്.

ശ്രീ. ഹൈബി ഈഡൻ: ഈ ബിൽ അവതരണാനുമതിക്കുവേണ്ടി കൊടുത്ത സമയത്ത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമാനബിൽ ഉണ്ടായിരുന്നില്ല; കേന്ദ്ര നിയമത്തിലും ഭേദഗതികൾ ഉണ്ടായിരുന്നില്ല. നിയമങ്ങളും ശിക്ഷകളും വേഗത്തിൽ നടപ്പാക്കുന്നതിന് സ്ത്രീകൾക്കുകൂടി സൗഹൃദപരമായിട്ടുള്ള വിമെൻസ് ഫ്രെണ്ട്‌ലി സ്പെഷ്യൽ ട്രാക്ക് ഫാസ്റ്റ് ട്രാക്ക് കോർട്ട് സ്ഥാപിക്കുക എന്നതാണ് പ്രധാന ഉദ്ദേശം.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഈ നിയമത്തിന്റെ ഭേദഗതിയുമായി ബന്ധപ്പെട്ട് ശ്രീ. ഹൈബി ഈഡന് സബ്ജക്ട് കമ്മിറ്റി യിൽവന്ന് അഭിപ്രായം രേഖപ്പെടുത്താവുന്നതാണ്. പരമാവധി ഉൾക്കൊള്ളാവുന്ന രൂപത്തിലുള്ള ഭേദഗതികൾ വരുത്താവുന്നതാണ്.

(സഭയുടെ അനുമതിയോടുകൂടി ശ്രീ. ഹൈബി ഈഡന്റെ പ്രമേയം പിൻവലിച്ചു.)

## (xi) 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബിൽ

ശ്രീ. പി. കെ. ബഷീർ: 2013-ലെ കേരളത്തിലെ ഹോട്ടലുകളുടെ തരംതിരിക്കലും വില ഏകീകരണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേ ഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): ഹോട്ടലുകളിലൂടെ പൊതുജന ങ്ങൾക്ക് ലഭ്യമാക്കുന്ന ആഹാരസാധനങ്ങളുടെ വില നിയന്ത്രിക്കുകയും ഏകീകരിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള നിയമം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇപ്പോൾ അത് നിയമ വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് അയച്ചിരിക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ ഈ പ്രമേയത്തിന് അവതരണാനുമതി നൽകേണ്ടതില്ല.

ശ്രീ. പി. കെ. ബഷീർ: നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹോട്ടലുകളും റസ്റ്റാറന്റുകളും പാചകം ചെയ്ത് വില്ക്കുന്ന ഭക്ഷണ സാധനങ്ങൾക്ക് ഗുണമേന്മയോ വില നിയന്ത്രണമോ ഇല്ല. ഹോട്ടലുകളുടെ

വലുപ്പ വ്യത്യാസമനുസരിച്ച് ഒരേ ഭക്ഷണ പദാർത്ഥത്തിന്റെ വിലയിലും വ്യത്യാസം വരുന്നു. ഹോട്ടലുകൾക്ക് ഗ്രേഡിംഗ് സമ്പ്രദായം കൊണ്ടുവരണം.

(ചർച്ച തുടരും)

(xii) **<u>2013-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ</u>**

(നോട്ടീസ് നൽകിയ അംഗം ശ്രീ. എ. പ്രദീപ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(xiii) **<u>2013-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ</u>**

(നോട്ടീസ് നൽകിയ അംഗം ശ്രീ. എ. പ്രദീപ് കുമാർ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(xiv) **<u>2013-ലെ കേരള സംസ്ഥാന അൺ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെയും അനദ്ധ്യാപക ജീവനക്കാരുടെയും സംരക്ഷണ അതോറിറ്റി ബിൽ</u>**

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(xv) **<u>2012-ലെ കേരള സ്വകാര്യ ആയുർവേദ ഡോക്ടർമാരുടെ ക്ഷേമനിധി ബിൽ</u>**

(നോട്ടീസ് നൽകിയ അംഗം ശ്രീ. പി. ശ്രീരാമകൃഷ്ണൻ സീറ്റിലില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല.)

(xvi) **2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബിൽ**

ശ്രീ. റ്റി.എൻ. പ്രതാപൻ: 2012-ലെ കേരള മാലിന്യ നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): മാലിന്യനിർമ്മാർജ്ജനം സംസ്ഥാനം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കാത്തത് പരിസ്ഥിതിക്കും മനുഷ്യന്റെ ആരോഗ്യത്തിനും ഭീഷണിയായിരിക്കുകയാണ്. 2013-ലെ മുനിസിപ്പാലിറ്റി ആക്ട് പ്രകാരം നഗരസഭകളിലെയും 2013-ലെ ബിൽ പ്രകാരം പഞ്ചായത്തുകളിലെയും മാലിന്യനിർമ്മാർജ്ജനം സംബന്ധിച്ച വ്യവസ്ഥകൾ നിലവിലുണ്ട്. ഉടൻതന്നെ അത് ആക്ടായി മാറും. അതുകൊണ്ട് ഇത്തരമൊരു ബില്ലിന് പ്രസക്തിയില്ല. ഇത് നിരാകരിക്കേണ്ടതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ഈ ബിൽ നിരാകരിച്ചത് ഖേദകരമാണ്. സംസ്ഥാനത്തുണ്ടായിക്കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളുടെ മൂലകാരണം മാലിന്യമാണ്. നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾപോലും തിരിച്ചു വന്നുകൊണ്ടിരിക്കുകയാണ്. ഖരദ്രവ്യ മാലിന്യങ്ങൾ തരംതിരിക്കുകയും അതിനായി ഒരു മാനേജുമെന്റ് സിസ്റ്റമുണ്ടാക്കുകയും ചെയ്യുക, ജനങ്ങളിൽ അവബോധമുണ്ടാക്കുക, ശുചിത്വ സംവിധാനം കാര്യക്ഷമമാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും മറ്റ് വകുപ്പുകളെയും നേതൃനിരയിൽ നിർത്തുകയും നിയമനിർമ്മാണം നടത്തി കുറ്റം ചെയ്യുന്നവരെ

ശിക്ഷിക്കുകയും ചെയ്യുക തുടങ്ങിയവയൊക്കെ ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുണ്ട്. നിയമസഭയിൽ ഇത് ചർച്ച ചെയ്യപ്പെടണം.

(ചർച്ച തുടരും)

## (xvii) 2012-ലെ കേരള ഉൾനാടൻ ജല-ജലവിഭവ പരിസ്ഥിതി സംരക്ഷണ ബിൽ

ശ്രീ. റ്റി.എൻ. പ്രതാപൻ: 2012-ലെ കേരള ഉൾനാടൻ ജല-ജലവിഭവ പരിസ്ഥിതി സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എ.റ്റി ജോർജ്: പ്രമേയത്തെ പിന്താങ്ങുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കേരള സംസ്ഥാന ഉൾനാടൻ മത്സ്യമേഖലയുടെ സുസ്ഥിര വികസനം, മാനേജുമെന്റ്, സംരക്ഷണം, പ്രജനനം, പരിരക്ഷ, ചൂഷണം, ഉപയോഗപ്പെടുത്തൽ എന്നിവയ്ക്കും സാമൂഹ്യ ഫിഷറികൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും അക്വാ കൾച്ചർ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിനും ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ഉപജീവന സുരക്ഷയും പരമ്പരാഗത അവകാശങ്ങളും ഉറപ്പാക്കുന്നതിനും 2010-ൽ കേരള ഉൾനാടൻ ഫിഷറീസും അക്വാ കൾച്ചറും ആക്ട് പാസ്സാക്കിയിട്ടുണ്ട്. ഈ ബില്ലിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളെല്ലാം ആ ആക്ടിൽ വരുന്നുണ്ട്. നിലവിലുള്ള നിയമത്തിലില്ലാത്ത കാര്യങ്ങൾ ഈ ബില്ലിൽ നിന്ന് ഉൾക്കൊണ്ടുകൊണ്ട് മാറ്റം ആവശ്യമാണോയെന്ന് പിന്നീട് പരിശോധിക്കുന്നതാണ്. തൽക്കാലം ഈ ബില്ലിന്റെ ആവശ്യമില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: നിലവിലുള്ള നിയമം അപര്യാപ്തമായതിനാലാണ് ഉൾനാടൻ ജല-ജലവിഭവ പരിസ്ഥിതി പൂർണ്ണമായും സംരക്ഷിക്കപ്പെടാതിരിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡ് ജലാശയങ്ങളുടെയും ജലവിഭവങ്ങളുടെയും സംരക്ഷണത്തിന് നടപടിയെടുക്കുന്നില്ല. ഈ ബില്ലിനെ മുഖവിലയ്ക്കെടുക്കണം. അന്യസംസ്ഥാനങ്ങളിൽ ഉൾനാടൻ ജലാശയങ്ങളെ സംരക്ഷിക്കുന്നതു സംബന്ധിച്ച് പഠിക്കാൻ ഒരു സമിതിയെ നിയോഗിക്കണം. ഹൗസ് ബോട്ടുകൾ മാലിന്യങ്ങളെല്ലാം പുഴയിൽ തള്ളുകയാണ് ചെയ്യുന്നത്. ടൂറിസത്തിന്റെ പേരിൽ ഉൾനാടൻ ജലാശയങ്ങളെ ദുരുപയോഗം ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഹൗസ് ബോട്ടുകൾക്ക് നിയന്ത്രണമേർപ്പെടുത്തുന്നതിനായി കേരള ഇൻലാന്റ് വെസൽ റൂൾസിൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. റ്റി. എൻ. പ്രതാപൻ: ഈ ബിൽ സഭയിൽ ചർച്ച ചെയ്യപ്പെടണം.

(ചർച്ച തുടരും)

## (xviii) 2013-ലെ കേരള അൺ എയ്ഡഡ് സ്കൂൾ അധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. എം.പി. വിൻസെന്റ്: 2013-ലെ കേരള അൺ എയ്ഡഡ് സ്കൂൾ അധ്യാപക ക്ഷേമ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ഈ ബിൽ രൂപീകരിക്കുന്നതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ വകുപ്പിൽനിന്നും വ്യക്തമായ ശുപാർശകളൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ ഒരു പ്രത്യേക ക്ഷേമ അതോറിറ്റി രൂപീകരിക്കേണ്ടതിന്റെ ആവശ്യമില്ല. അതുകൊണ്ട് ഈ ബിൽ ഇപ്പോൾ പരിഗണിക്കേണ്ടതില്ല.

ശ്രീ. എം. പി. വിൻസെന്റ്: അൺ എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപകർക്ക് മാന്യമായ വേതനവും തൊഴിലിന് ഉറപ്പും ശക്തമായ പിന്തുണയും ഇല്ലാത്ത അവസ്ഥയാണുള്ളത്. അൺ എയ്ഡഡ് സ്ക്കൂളിൽ കുട്ടികളിൽനിന്ന് ഉയർന്ന രീതിയിലുള്ള ഫീസാണ് ഈടാക്കുന്നതെങ്കിലും മിനിമം വേതനം മാത്രമാണ് അദ്ധ്യാപകർക്ക് നൽകുന്നത്. ഇവർക്ക് മാന്യമായ ശമ്പളം കൊടുക്കണമെന്ന് ഹൈക്കോടതിപോലും പറഞ്ഞിട്ടുള്ളതാണ്. ഇക്കാര്യങ്ങളിൽ ഗവൺമെന്റ് ഗൗവരമായ ശ്രദ്ധ ചെലുത്തുകയും തീരുമാനം എടുക്കുകയും ചെയ്യണം.

(ചർച്ച തുടരും)

(xix) **2013-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. എം. ഉമ്മർ ഹാജരില്ലാതിരുന്നതിനാൽ പരിഗണനയ്ക്കെടുത്തില്ല)

(3) **താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ച**

(i) **2013-ലെ കേരള ആരോഗ്യ അവകാശ സംരക്ഷണ ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. രാജു എബ്രഹാം ഹാജരില്ലാതിരുന്ന തിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

**(ii)** **2012-ലെ കേരള എൻഡോസൾഫാൻ കീടനാശിനി ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ലഭ്യമാക്കുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ**

(നോട്ടീസ് നൽകിയ അംഗം ശ്രീ. ഇ. ചന്ദ്രശേഖരൻ ഹാജരില്ലാതിരുന്ന തിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.)

(iii) **2012-ലെ കേരള പരിസ്ഥിതി സൗഹൃദ വികസന ബിൽ**

ശ്രീ. റ്റി. എൻ. പ്രതാപൻ: വികസനത്തിന്റെ സങ്കൽപ്പത്തിൽ മാറ്റങ്ങൾ വരേണ്ടതാണ്. പരിസ്ഥിതിക്ക് ഇണങ്ങാത്ത വികസനം ഒരിക്കലും സാദ്ധ്യമല്ലെന്ന് ബോധ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ ജല നിർഗ്ഗമന മാർഗ്ഗങ്ങളിൽ രൂപാന്തരം വരുത്തുന്നത് തടഞ്ഞ് അവയെ പരിരക്ഷിക്കുന്നതിനും പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. വികസന ത്തിന്റെ പേരിൽ പ്രകൃതി സമ്പത്ത് ഇല്ലാതാക്കുന്നത് അംഗീകരിക്കാവുന്നതല്ല. നെൽവയലുകൾ പരിവർത്തനം വരുത്തുന്നതുമൂലം നെല്ലുൽപാദനത്തിൽ കുറവ് സംഭവിക്കുകയും ഭക്ഷ്യക്ഷാമം നേരിടുകയുമാണ്. കേരളത്തിൽ ഇന്ന് കാണുന്ന വികസനത്തിന്റെ പ്രധാന പ്രതിഫലനം പച്ചപ്പുകളെ ഇല്ലാതാക്കുന്നതാണ്. കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ മൈന്റ് സെറ്റ് മാറുകയും അവരുടെ പ്രവർത്തന അജണ്ടയിൽ പരിസ്ഥിതി സൗഹൃദ വികസനം കൊണ്ടുവരികയും വേണം. കാവുകളും വയലുകളും തണ്ണീർത്ത ടങ്ങളുമൊക്കെ സംരക്ഷിച്ചുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നട

ത്തേണ്ടത്. വികസനത്തിന്റെ പേരിൽ കുന്നുകളും മരങ്ങളും നശിപ്പിക്കുന്ന പ്രവണതയ്ക്ക് നിയന്ത്രണമേർപ്പെടുത്തണം. പരിസ്ഥിതി സൗഹൃദ വികസനം നടപ്പാക്കുന്നതിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): 2012-ലെ ഈ ബിൽ, 2008-ൽ പാസ്സാക്കിയ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി ക്ലിയറൻസ് ആവശ്യമായ വൻകിട വികസന പദ്ധതികളെല്ലാംതന്നെ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി മാത്രമേ നടപ്പാക്കാൻ സാധിക്കുകയുള്ളു. മുൻകൂർ അനുമതി ആവശ്യമില്ലാത്ത പദ്ധതികൾക്ക് സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ആവശ്യമാണ്. ആറ്റുമണൽ വാരൽ, കരമണൽ ഖനനം, പാറ ഖനനം, തണ്ണീർത്തടങ്ങൾ കയ്യേറൽ, ജലാശയങ്ങളും നെൽവയലുകളും നികത്തൽ, പുഴകളുടേയും ജലാശയങ്ങളുടേയും മലിനീകരണം, വായു മലിനീകരണം, ശബ്ദ മലിനീകരണം, ഫ്ളാറ്റുകളുണ്ടാക്കുന്ന മലിനീകരണം തുടങ്ങിയവയുടെ നിയന്ത്രണം സംബന്ധിച്ച് വ്യക്തമായ സംവിധാനമില്ലെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ അവയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള ജൈവവൈ വിധ്യ മാനേജിംഗ് കമ്മിറ്റിയുടെ അംഗീകാരം വേണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് പരിസ്ഥിതി വകുപ്പ് പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഇവിടെ ഉന്നയിച്ച വിഷയങ്ങൾ കാലിക പ്രാധാന്യമുള്ളതാണെങ്കിലും പ്രത്യേകമായി പരിസ്ഥിതി സൗഹൃദ വികസന

ബോർഡ് ആവശ്യമില്ലെന്ന കാഴ്ചപ്പാടാണ് ഗവൺമെന്റിനുള്ളത്. വികസന പദ്ധതികൾക്ക് അംഗീകാരം കൊടുക്കുമ്പോൾ ബില്ലിലെ കാര്യങ്ങൾ പരിഗണിക്കുന്നതിന് പരിസ്ഥിതി വകുപ്പിന് നിർദ്ദേശം കൊടുക്കുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സംസ്ഥാനത്തുണ്ടാകാൻ പോകുന്ന വികസന പ്രവർത്തനങ്ങൾ പരിസ്ഥിതി സൗഹൃദമായിരിക്കുമെന്ന മന്ത്രിയുടെ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പ്രമേയം പ്രസ്സ് ചെയ്യുന്നില്ല.

പ്രമേയം സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സഭ ഉച്ചയ്ക്കുശേഷം 12.08-ന് പിരിഞ്ഞു.

------